II.ഇ.ബി. XIII-കേരള നിയമസഭ/I-7

**പതിമൂന്നാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2011 ജൂലൈ 13, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**21 (*181)** എനർജി സർവ്വേ

ഊർജ്ജ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യു വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, പതിനെട്ടാമത് പവർ സർവ്വേയ്ക്കുവേണ്ടി സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി ഒരു കമ്മിറ്റി രൂപീകരിച്ച് സിറ്റിംഗ് നടത്തിവരുന്നതായി സഭയെ അറിയിച്ചു. സർവ്വേ യുടെ ഭാഗമായി കെ.എസ്.ഇ.ബി. കരട് രേഖ തയ്യാറാക്കി സെൻട്രൽ ഇലക്ട്രി സിറ്റി അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. 2007-ൽ പ്രസിദ്ധീകരിച്ച 17-ാം പവർ സർവ്വേ റിപ്പോർട്ട് പ്രകാരം 2021-22 കാലയളവിൽ കേരളത്തിന്റെ വൈദ്യുതി ആവശ്യകത 5916 മെഗാവാട്ട് ആയിരിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. കേരളത്തിലെ വൈദ്യുതി ഉപയോഗം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്ന തിനായി ഒരു നോഡൽ ഓഫീസറെ നിയോഗിച്ചിട്ടുണ്ട്. ഇൻഡ്യയൊട്ടാകെയുള്ള വൈദ്യുതി ആവശ്യകത കണക്കാക്കിയതിന്റെ അടി സ്ഥാനത്തിൽ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി ഒരു പ്രിലിമിനറി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിനുകൂടി

പ്രാധാന്യം നൽകിക്കൊണ്ട് ഹൈഡൽ പ്രോജക്ടുകൾവഴി കൂടുതൽ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്. പ്രാദേശികവും പാരിസ്ഥിതികവുമായ കാരണങ്ങളാൽ ഗ്യാസ് ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സ്കീമായി ചീമേനി പ്രോജക്ടിനെ മാറ്റിയിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾക്കായി റവന്യൂ വകുപ്പിന്റെ ഭൂമി വിട്ടുകൊടുക്കുന്ന കാര്യം ആലോചിക്കുന്നതാണെന്നും പരിസ്ഥിതിക്ക് കോട്ടംതട്ടാത്ത വിധത്തിൽ കൊച്ചിൻ റിഫൈനറിയിൽനിന്ന് പുറന്തള്ളുന്ന ഇന്ധനം ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**22(*182)** <u>മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അപര്യാപ്തത</u>

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ) നൽകിയ മറുപടിയിൽ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും മാലിന്യ സംസ്കരണത്തിനായി നിലവിലുള്ള അറവുശാലകളിൽ ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. നിലവിലുള്ള അറവുശാലകളെ നവീകരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ മിഷൻ വഴി സാങ്കേതിക സഹായവും മൂലധന ചെലവിന്റെ 50 ശതമാനം സാമ്പത്തിക സഹായവും നൽകാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനുമായി തെരഞ്ഞെടുത്ത പതിനെട്ട് പഞ്ചായത്തുകൾക്ക് പത്തു ലക്ഷം രൂപവീതം സഹായം നൽകുകയും തുക വർദ്ധിപ്പിച്ച് കൂടുതൽ പഞ്ചായത്തുകളിലേക്ക് ഈ സംവിധാനം വ്യാപിപ്പിക്കു

ന്നതുമാണ്. ശുചിത്വ മിഷന്റെ വാർഷിക പദ്ധതിയിൽപ്പെടുത്തി നിലവിലുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ പുനരുദ്ധാരണത്തിനും മാലിന്യങ്ങൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. മാലിന്യ സംസ്കരണത്തിന് ഏർപ്പെടുത്തിയിരിക്കുന്ന നിർമ്മൽ പുരസ്കാരം 1084 ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഇതിനകം ലഭിച്ചിട്ടുണ്ട്; അവശേഷിക്കുന്ന പഞ്ചായത്തുകൾക്കുകൂടി പ്രസ്തുത പുരസ്കാരം ലഭ്യമാക്കി നിർമ്മൽ സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിന് കൂട്ടായ ശ്രമം നടത്തേണ്ടതാണ്. ഉത്ഭവ സ്ഥാനത്തുതന്നെ മാലിന്യ സംസ്കരണം നടത്തുന്നതിനായി വീടുകൾ കേന്ദ്രീകരിച്ച് ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. തീരപ്രദേശങ്ങളിലും വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലും ഇക്കോസാൻ കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള പ്രത്യേക സ്കീം തയ്യാറാക്കിയിട്ടുണ്ട്. മാലിന്യ സംഭരണത്തിലേർപ്പെട്ടിരിക്കുന്ന കുടുംബശ്രീ പ്രവർത്തകരുടെ ആരോഗ്യ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതാണ്. മാലിന്യ സംസ്കരണ സംവിധാനമില്ലാത്ത ഹൗസ് ബോട്ടുകൾക്കെതിരെ കർശന നടപടി സ്വീകരിക്കും. ബ്രഹ്മപുരം മാലിന്യ പ്ലാന്റ് ക്യാപ്പ് ചെയ്ത് സംരക്ഷിച്ചാലും ഭാവിയിൽ ഉണ്ടാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചുകൂടി പഠനം നടത്തുന്നതിനായി പൊല്യൂഷൻ കൺട്രോൾ ബോർഡ് സെക്രട്ടറിയെ നിയോഗിച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്നും ഒരു ചോദ്യത്തിൽ ഇടപെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.

**23(*183)** <u>വനമേഖലയെ ആശ്രയിച്ചു ജീവിക്കുന്നവരുടെ ജീവിതനിലവാരം ഉയർത്തുന്നതിന് കർമ്മ പരിപാടി</u>

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) നൽകിയ മറുപടിയിൽ, വനാശ്രിത സമൂഹത്തിന്റെ ഉന്നമനത്തിനായി പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവവഴി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നതായി സഭയെ അറിയിച്ചു:

1. വനമേഖലയിലെ പട്ടിക വർഗ്ഗക്കാർക്ക് വനവൽക്കരണ പരിപാടികളിൽ പരമാവധി തൊഴിലവസരങ്ങൾ ലഭ്യമാക്കുക;

2. സർക്കാരിന്റെ വിവിധ ഭവന പദ്ധതികളുടെ ഗുണഭോക്താക്കളായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികവർഗ്ഗക്കാർക്ക് സൗജന്യമായി തടി നൽകുക;

3. ഇക്കോ ടൂറിസം പദ്ധതികളുടെ ഭാഗമായി തൊഴിലവസരങ്ങൾ നൽകുക;

4. അപകട മരണം, അംഗവൈകല്യം എന്നിവയ്ക്ക് പട്ടികവർഗ്ഗക്കാർക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുക;.

5. വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുക;

6. ദേശീയ വനവത്ക്കരണ പദ്ധതിയുടെ ഭാഗമായി പൊതു ആസ്തികൾക്കായുള്ള ധനസഹായം നൽകുക;

7. തടിയേതര വനവിഭവങ്ങൾ സൗജന്യമായി ശേഖരിക്കുന്നതിനുള്ള അനുമതി പട്ടികവർഗക്കാർക്ക് നൽകുക;

8. പട്ടികവർഗക്കാർ ഉൾപ്പെടെയുള്ള പരമ്പരാഗത ഈറ്റ തൊഴിലാളികൾക്ക് സൗജന്യമായി ഈറ്റയും മുളയും നൽകുക;

9. പട്ടികവർഗക്കാരുടെ കൃഷിയിടങ്ങളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും ജൈവ കുരുമുളക് വിദേശത്തേക്ക് കയറ്റി അയയ്ക്കുകയും ചെയ്യുക;.

10. പട്ടികവർഗ സെറ്റിൽമെന്റുകളിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പാക്കുക;

11. തടിയേതര വനവിഭവങ്ങളുടെ ശേഖരണം, സംഭരണം, സംസ്ക്കരണം, മൂല്യവർദ്ധന വിപണനം എന്നിവയ്ക്കായി വനശ്രീ പദ്ധതി നടപ്പാക്കുക;

12. ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി വഴി തൊഴിൽ പരിശീലനം നൽകുക;

ആദിവാസി വികസന വകുപ്പുമായി ചേർന്ന് വനം വകുപ്പിന്റെ അധീനതയിലുള്ള നാല് ഡാമുകളൊഴികെയുള്ളവയിൽ നിന്നും ഗ്രൂപ്പ് അടിസ്ഥാനത്തിൽ മൽസ്യബന്ധനം നടത്തി ആദിവാസി വിഭാഗത്തിൽപ്പെട്ട വർക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ആദിവാസികളെ വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്ന് രക്ഷിക്കുന്നതിന്റെ ഭാഗമായി വനഭൂമിക്ക് പുറത്ത് താമസിപ്പിക്കുന്നതിന് 80 കോടി രൂപയുടെ പദ്ധതിയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 700 പേരെ വാർഡൻമാരായി നിയമിക്കുന്നതിനുള്ള പദ്ധതിയും കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ആദിവാസികളുമായി സൗഹൃദപരമായി മുന്നോട്ടു പോകുന്നതിന് വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആദിവാസി കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആദിവാസികളുടെ മറവിൽ നടക്കുന്ന കയ്യേറ്റങ്ങൾ അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. വനവിഭവങ്ങൾ വിപണനം നടത്തുന്ന വനശ്രീ യൂണിറ്റിന്റെ പ്രവർത്തനം ആധുനികവത്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ദേശീയ വനവൽക്കരണ പരിപാടി, ഇക്കോ ടൂറിസം പദ്ധതി, ദേശീയ ഔഷധസസ്യ ബോർഡ്, ദേശീയ ബാംബു മിഷൻ, പട്ടികവർഗ്ഗ വികസന വകുപ്പ്, മറ്റ് ഏജൻസികൾ എന്നിവ മുഖേനയുള്ള ധനസഹായം ഉപയോഗിച്ച് വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ്

കമ്മിറ്റിവഴി വനസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതാണ്. വനസംരക്ഷണ സമിതികളുടെ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക എത്രയുംവേഗം കൊടുത്തുതീർക്കുന്നതാണെന്നും ആഗോളതാപനം തടയുന്നതിന് ഓസോൺ കൂടുതൽ ഉല്പാദിപ്പിക്കുന്ന ആൽമരങ്ങൾ പള്ളികളുടേയും ക്ഷേത്രങ്ങളുടേയും പരിസരങ്ങളിൽ വച്ചുപിടിപ്പിക്കുന്നതിന്റെ ഭാഗമായി തൈകൾ സൗജന്യമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1474 മുതൽ 1766 വരെയുള്ള ചോദ്യങ്ങളിൽ 177 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)